## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 2812** | **13-03-2020 -ൽ മറുപടിക്ക്**

### ദുരിതാശ്വാസ കേന്ദ്രങ്ങൾ ഒരുക്കുന്ന പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് പ്രകൃതിക്ഷോഭത്തിൽ പ്പെടുന്നവർക്ക് ദുരിതാശ്വാസ കേന്ദ്രങ്ങൾ ഒരുക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; | എ) | ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ ദേശീയ ചുഴലിക്കാറ്റ് ദുരന്ത ലഘൂകരണ പ്രതിരോധ പ്രൊജക്ട് (NCRMP) ഉപയോഗപ്പെടുത്തി കേരളത്തിൽ 14 മൾട്ടി പർപ്പസ് സൈക്ലോൺ ഷെൽട്ടറുകൾ നിർമ്മിച്ചു വരികയാണ്. ആദ്യത്തെ ഷെൽട്ടർ ആലപ്പുഴ ജില്ലയിലെ മാരാരിക്കുളത്ത് പൂർത്തീകരണ ഘട്ടത്തിലെത്തി നിൽക്കുകയാണ്. തൃശ്ശൂരിൽ ഉള്ള കെട്ടിടം പ്രാദേശിക പ്രശ്നങ്ങളുടെ പേരിൽ ബഹു. ഹൈക്കോടതിയിൽ കേസ് നടന്നു വരുകയാണ്. ബാക്കിയുള്ള 13 ഷെൽട്ടറുകളുടെ പണികൾ 85 ശതമാനത്തിനു മുകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. |
| ബി) | നിലവിൽ ഏതൊക്കെ ജില്ലകളിലാണ് ഇതിന്റെ നിർമ്മാണം നടക്കുന്നത്; എത്ര പേർക്കു വരെ താമസിക്കുന്നതിനുള്ള സൗകര്യമാണ് ഓരോ കേന്ദ്രത്തിലും ഒരുക്കുന്നത്; | ബി) | കാസർഗോഡ്, കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, കൊല്ലം തുടങ്ങിയ ജില്ലകളിൽ ഇതിന്റെ നിർമ്മാണം നടന്നു വരുന്നു. ഒരു ദുരന്ത സാഹചര്യത്തിൽ ശരാശരി ആയിരത്തോളം ആളുകൾക്ക് താമസിക്കാനുള്ള സൗകര്യത്തോട് കൂടിയാണ് ഷെൽട്ടർ ഒരുങ്ങുന്നത് |
| സി) | ഇതിനായി കേന്ദ്ര സർക്കാരിൽ നിന്നും എന്തൊക്കെ സഹായമാണ് ലഭിച്ചത്; | സി) | ഷെൽട്ടർ നിർമാണത്തിന്റെ അടങ്കലായ 136 കോടി രൂപയിൽ 75 ശതമാനം തുകയാണ് ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ കേന്ദ്ര സർക്കാരിൽ നിന്നും കേരളത്തിന് ലഭിക്കുക |
| ഡി) | പ്രസ്തുത കേന്ദ്രങ്ങളുടെ നടത്തിപ്പിന് മാനദണ്ഡം തയ്യാറാക്കിയിട്ടുണ്ടോ; പ്രകൃതിക്ഷോഭം ഇല്ലാത്ത സമയങ്ങളിൽ പ്രസ്തുത കേന്ദ്രങ്ങൾ ഏത് വിധത്തിൽ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്? | ഡി) | നിലവിൽ മാനദണ്ഡം തയ്യാറാക്കി വരുകയാണ്. അതാതു പ്രദേശത്തെ തദ്ദേശസ്ഥാപനത്തിന്റെ മേധാവി ഉൾപ്പെടുന്ന ഷെൽട്ടർ മാനേജ്മെന്റ് കമ്മിറ്റിക്ക് സർക്കാർ പുറത്തിറക്കുന്ന മാർഗനിർദ്ദേശങ്ങൾക്ക് വിധേയമായി താത്കാലിക പ്രവർത്തികൾക്ക് ഇവ ഉപയോഗപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ